(എ) നിലവിലുള്ള മന്ത്രിസഭ അധികാരം ഏറ്റെടുത്ത ആദ്യ നൂറുദിവസത്തിനുള്ളിൽ നടത്തിയ ജനസമ്പർക്ക പരിപാടി എത്ര സ്ഥലത്തുവച്ച് നടത്തി;

(ബി) അതിൽ എത്ര അപേക്ഷ ലഭിച്ചു; അതിൽ എത്രയെണ്ണത്തിന്മേൽ അന്തിമ ഉത്തരവ് പാസ്സാക്കി;

(സി) അന്തിമ ഉത്തരവ് പാസ്സാക്കിയതിന്റെ ഫലമായി എത്രപേർക്ക് പ്രയോജനം കിട്ടി;

(ഡി) അനുവദിച്ചതും, തീരുമാനമെടുക്കാനുള്ളതുമായ അപേക്ഷകളിൻമേൽ എത്രകാലത്തിനുള്ളിൽ തീരുമാനമെടുക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പതിനാല് (14) ജില്ലകളിൽവച്ച് നടത്തി.

(ബി) 96,901 അപേക്ഷകൾ ലഭിച്ചു. അവയിൽ 42,152 എണ്ണത്തിൻമേൽ നടപടികൾ സ്വീകരിച്ചു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) എല്ലാ സെക്രട്ടറിമാർക്കും, വകുപ്പ് മേധാവികൾക്കും, ജില്ലാ കളക്ടർമാർക്കും സത്വര നടപടികൾ സ്വീകരിക്കുന്നതിനായി കർശന നിർദ്ദേശം നൽകി കഴിഞ്ഞു.

മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിയിൽ അനുകൂല തീരുമാനമെടുത്ത കാര്യങ്ങൾ

7 [7] പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. കെ. സി. ജോസഫ്:

,, വർക്കല കഹാർ:

,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി എവിടെയെല്ലാം വച്ച് നടത്തി;

(ബി) പ്രസ്തുത പരിപാടിയിൽ എത്രപേർ പരാതികളും, ഹർജികളും നൽകി;

(സി) എത്ര കാര്യങ്ങളിൽ ജനസമ്പർക്ക പരിപാടിയിലൂടെ അനുകൂല തീരുമാനമെടുത്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പതിനാല് (14) ജില്ലകളിൽ.

(ബി) 96,901 പേർ ഹർജികൾ നൽകി.

(സി) 42,152 കാര്യങ്ങളിൽ തീരുമാനമെടുത്തു.

LIBRARY ARCHIVES Kerala Legislative Assembly